പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ, ബി) ഡിസ്പെൻസറികളെ ആശുപത്രികളായി ഉയർത്തുവാൻ പ്രത്യേക പദ്ധതിയൊന്നും ഗവണ്മെൻറംഗീകരിച്ചിട്ടില്ല. ആശുപത്രികളും ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി ആശുപത്രികൾ തുറക്കുന്നതിനു പകരം ആ സ്ഥലത്തുള്ള ഡിസ്പെൻസറികളെ ചിലപ്പോൾ ആശുപത്രികളായി ഉയർത്താറുണ്ട്. 1962–63-ൽ ഗുരുവായൂരിൽ ഒരു പുതിയ ആശുപത്രി തുറന്നിട്ടുണ്ട്. 1963–64-ൽ പുതുതായി ആശുപത്രികൾ തുറക്കുന്നതിനു ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല.

(സി) പ്രത്യേക കാരണങ്ങളൊന്നുതന്നെയില്ല. ഓരോ താലൂക്കിലും ഓരോ ആശുപത്രി വീതം തുറക്കുക എന്നതാണു് ഇപ്പോഴത്തെ പദ്ധതി. അതനുസരിച്ചു് ഏറെനാട് താലൂക്കിലും ഒരാശുപത്രി സ്ഥാപിക്കുന്നതാണു്.

(ഡി) അടുത്ത വർഷത്തിൽ ആയുർവ്വേദസ്ഥാപനങ്ങളും തുടങ്ങുന്നതിനു ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന തുകയനുസരിച്ചു് ഈ കാര്യം ഗവണ്മെൻറു് പര്യാലോചിക്കുന്നതാണു്.

പോലീസു് ഉദ്യോഗസ്ഥന്മാരുടെ യാത്രബത്ത

* 697. [27] ശ്രീ. പി. അബ്ദുൽമജീദു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറിലെ പോലീസു് സബ്ബു് ഇൻസ്പെക്ടർമാർക്കും അവരുടെ കീഴിലുള്ള പോലീസു് ഉദ്യോഗസ്ഥന്മാർക്കും പ്രതിമാസം യാത്രബത്ത ഇനത്തിൽ കൂടുതൽ പാടില്ല എന്ന വല്ല നിബന്ധനയും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ വരെ;

(സി) ഈ ഒരേ നിരക്കു് ഏർപ്പെടുത്തിയിട്ടുള്ളതു് ഓരോ പോലീസു് സ്റ്റേഷനിലെയും അധികാരപരിധി കണക്കിലെടുത്തിട്ടാണോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ടു്.

(ബി)

ലോക്കൽ പോലീസിലെ സബ്ബു് ഇൻസ്പെക്ടർമാർ	പ്രതിമാസം	100	രൂപ വരെ
സ്റ്റേറു് ഒട്ടുക്കും സഞ്ചരിക്കേണ്ടി വരുന്ന സബ്ബു് ഇൻസ്പെക്ടർമാർ	,,	150	,,
ആംഡു് റിസർവ്വു്, ആംഡു് പോലീസു് എന്നിവയിലെ സബ്ബു് ഇൻസ്പെക്ടർമാർ, ജമേദാർമാർ,	,,	50	,,
ലോക്കൽപോലീസു്, ആംഡു് റിസർവ്വു എന്നിവയിലെ ഹെഡ്കാൺസ്റ്റബിൾമാർ	,,	40	,,
സ്റ്റേറു മുഴുവൻ സഞ്ചരിക്കേണ്ടി വരുന്ന ഹെഡ്കാൺസ്റ്റബിൾമാർ	,,	75	,,
റയിൽവേപോലീസിലെ ഹെഡ്കാൺസ്റ്റബിൾമാർ	,,	45	,,
ലോക്കൽ പോലീസു്, ഡിസ്ട്രിക്റ്റു് ആംഡു് റിസർവ്വു എന്നിവയിലെ പോലീസു് കാൺസ്റ്റബിൾമാർ.		25	,,

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് മുഴുവൻ സഞ്ചരിക്കേണ്ടിവരുന്ന പോലീസ് കാൺസ്റ്റബിൾമാർ. പ്രതിമാസം 60 രൂപവീതം

റയിൽവേപോലീസിലെ പോലീസ് കാൺസ്റ്റബിൾമാർ. ,, 30 ,,

(സി.) അല്ല.

ഭൂമി പതിച്ചുകൊടുക്കൽ

* 698. [28] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റ് ഭൂമിയിൽ കയ്യേറിയവർക്ക് കയ്യേറിയ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതു സംബന്ധിച്ച് വല്ല തീരുമാനവുമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്താണ് ?

(സി) ആകെ കയ്യേറ്റക്കാരുടെ സംഖ്യ എത്ര ; ഓരോ ജില്ലയിലുമെത്ര ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) ഉണ്ട്. ലാൻഡ് അസൈൻമെന്റ് റൂളിൽ ഇതിലേയ്ക്ക് ചില വ്യവസ്ഥകളുണ്ട്.

(ബി) പ്രതിഷേധാർഹമല്ലാത്ത കൈയ്യേറ്റമാണെങ്കിൽ റൂളിൽ വ്യവസ്ഥചെയ്തിട്ടുള്ള ഫീസ് ഈടാക്കി വിധേയമായി പതിച്ചുകൊടുക്കാവുന്നതാണ്.

(സി) 43752.

തിരുവനന്തപുരം	4527
കൊല്ലം	5776
ആലപ്പുഴ	3461
കോട്ടയം	10802
എറണാകുളം	7434
തൃശ്ശൂർ	6115
പാലക്കാട്	1173
കോഴിക്കോട്	1698
കണ്ണൂർ	2766
	43752

UNSTARRED QUESTIONS AND ANSWERS

റൂറൽ വാട്ടർസപ്ലൈ സ്കീം

94. [1] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ടുജില്ലയിലെ മണ്ണാക്കാട് റൂറൽ വാട്ടർസപ്ലൈ സ്കീമിന്റെ പ്രാരംഭപ്രവർത്തനം ആരംഭിച്ചുവോ എന്നാണെ;

(ബി) ഈ സ്കീമിന്റെ പ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുണ്ടായ സാഹചര്യം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly